മത്താ 24:45 - 51

ജനുവരി 28: കൊഹനെ ഞായർ

ഭാഷ്യം

I. സന്ദർഭം

വി. മത്തായി അറിയിച്ച സുവിശേഷം 24-25 അദ്ധ്യായങ്ങളെ സാധാരണയായി യുഗാന്ത്യദർശങ്ങളുടെ പുസ്തകം എന്ന് വിശേഷിപ്പിക്കാറുണ്ട്. ഈ ഭാഗത്താണ് ഇന്നത്തെ വിചിന്തനഭാഗം വരുന്നത്. കർത്താവിന്റെ രണ്ടാമത്തെ ആഗമനത്തിന്റെ സമയം "പിതാവിനല്ലാതെ മറ്റാർക്കും, സ്വർഗ്ഗത്തിലെ ദൂതന്മാർക്കോ പുത്രനു പോലുമോ അറിഞ്ഞുകൂടാ" (24:36). പിന്നീടാകാം ഒരുങ്ങുന്നത്/നന്മ ചെയ്യുന്നത്/ മാനസാന്തരപ്പെടുന്നത് എന്ന് ചിന്തിക്കാൻ അവസരമില്ല. ഏതു നിമിഷവും അപ്ര തീക്ഷിതമായി കർത്താവ് വരാം. അതിനാൽ പീഢനങ്ങളെ ഭയന്ന് ഓടുന്നവരാകാ തെ ക്ലേശങ്ങളുടെ മദ്ധ്യത്തിലും നന്മയും വിശ്വസ്തതയും കാത്തുസൂക്ഷിക്കുന്ന വരാകണം നാം. 24:37-44 വാക്യങ്ങൾ ഇന്നത്തെ വിചിന്തനത്തിന് ആമുഖമാണ്. പ്രമേയം. ഇവിടെ മൂന്ന് പ്രധാന വിചിന്തനങ്ങൾ കാണാം.

നോഹിന്റെ കാലത്തെ ജലപ്രളയം പോലെ അപ്രതീക്ഷിതമായിരിക്കും മനുഷ്യപുത്രന്റെ ആഗമനം. നോഹിന്റെ കാലത്ത് (ഉത്പ 6:5-7) മനുഷ്യന്റെ ദുഷ്ടത വർദ്ധിച്ചു. അവന്റെ ഹൃദയത്തിലെ ചിന്തയും ഭാവനയും ദുഷിച്ചതായി.

അതിനാൽ മനുഷ്യനെ സൃഷ്ടിച്ചതിൽ ദൈവം പരിതപിച്ചു. അവിടുത്തെ ഹൃദയം വേദനിച്ചു. അതിനാൽ അവിടുന്ന് മനുഷ്യനെ ഭൂമുഖത്തുനിന്നും തുടച്ചുമാറ്റാൻ തീരുമാനിച്ചു. മനുഷ്യപുത്രന്റെ ആഗമനത്തിൽ രക്ഷിക്ക പ്പെ ടുക മനുഷ്യകുലം മാനുഷിക ബന്ധങ്ങളുടെ കണക്കുനോക്കിയല്ല. ദൈവ ത്തോടുള്ള വിശ്വസ്തതയിൽ നല്ലതും ചീത്തയുമായത് എന്നതിന്റെ അടി സ്ഥാനത്തിലായിരിക്കും (13:47-50).

II. പ്രമേയം

മോഷ്ടാവിന്റെ അപ്രതീക്ഷിത വരവ് എന്നപോലെ ഏതു സമയത്തും, പ്രതീക്ഷിക്കാത്ത മണിക്കൂറിൽ/സമയത്ത് മനുഷ്യപുത്രൻ വരാം. ദൈവത്തിന് പരിതപിക്കാൻ ഇടവരുംവിധം അവിടുത്തെ ഹൃദയത്തെ വേദനിപ്പിക്കുന്ന ദുഷ്ടരാകാതെ കർത്താവിനോട് വിശ്വസ്തത പുലർത്തുന്നവരാകാൻ ഈ വചനങ്ങൾ ഓർമ്മിപ്പിക്കുന്നു. ഈ ഭാഗം സഭാനേതൃത്വത്തെ ഉദ്ദേശിച്ചാണ് എന്ന വാദം മത്തായിയുടെ സുവിശേഷ പശ്ചാത്തലത്തിൽ ശരിയല്ല. ശിഷ്യസമൂഹത്തെ ശുശ്രൂഷിക്കാനും, ദാസനായിരിക്കാനും വിളിക്കപ്പെട്ടവനാണ് ശിഷ്യനും ഓരോ വിശ്വാസിയും.

III. സന്ദേശം

1. വിശ്വസ്തനും വിവേകിയുമായി കണക്കുകൂട്ടപ്പെടുന്നത്, യജമാനൻ ഏൽപ്പിച്ച ഉത്തരവാദിത്വം കൃത്യമായി നിർവ്വഹിക്കുന്ന ഭൃത്യനാണ്. ദൈവസന്നിധിയിൽ അവൻ ഭാഗ്യവാനാണ്. അവനെ തന്റെ വസ്തുക്കളുടെ യെല്ലാം മേൽ നോട്ടക്കാരനായി നിയമിക്കും (മത്താ 25:21,23,34). അവഹേളനങ്ങളും പീഢനങ്ങളും ഏൽക്കേണ്ടി വന്നാലും അവരുടെ വിശ്വസ്തതയ്ക്ക് മങ്ങൽ ഏൽക്കില്ല.

2. എന്നാൽ ദുഷ്ടനായ ഭൃത്യൻ ശിക്ഷിക്കപ്പെടുകയും കപടനാട്യക്കാരോടൊപ്പം, അവിശ്വാസികളോടും, ശപിക്കപ്പെട്ടവരോടും ഒപ്പം തള്ളപ്പെടുകയും ചെയ്യും (24:51). പുറത്തെ അന്ധകാരത്തിലേക്ക് എറിയപ്പെടുന്ന ദുഷ്ടർ യജമാനൻ താമസിച്ചേവരൂ എന്ന ചിന്തയോടെ ഉത്തരവാദിത്വങ്ങൾ ചെയ്യാതിരുന്നവരാണ്. അവർ സഹഭൃത്യരെ മർദ്ദിക്കുന്നവരും മദ്യപരോടു കൂടെ ഭക്ഷിക്കുകയും പാനം ചെയ്യുകയും ചെയ്യുന്നവരാണ്. കാരണം യജമാനൻ അവരിലർപ്പിച്ച വിശ്വാസം അവർ പാഴാക്കി. നിയന്ത്രിച്ചു പരിപാലിക്കാൻ ഏൽപ്പിക്കപ്പെട്ടവൻ ദ്രോഹിയായി മാറി.

3. ഭൃത്യൻ യജമാനൻ ഏൽപ്പിച്ചതു, ചെയ്യണം എന്നതു മറന്നു. സഹഭൃത്യരോട് കരുണയില്ലാതെ പെരുമാറി. അൽപംപോലും ശ്രദ്ധയില്ലാതെ, യജമാനനെ പ്രതീക്ഷിക്കാത്തതുപോലെ ഒരുക്കമില്ലാതെ പെരുമാറി. അതുകൊണ്ടു തന്നെ ദുഷ്ടൻ ശിക്ഷിക്കപ്പെടുന്നിടത്ത് വിലാപവും പല്ലുകടിയുമായിരിക്കും (24:51 മത്താ.11:45; 13:50; 22:13; 25:30). വിശ്വസ്തനായ ഭൃത്യനെപ്പോലെ ഏതുസമയത്തും യജമാനന്റെ വരവും പ്രതീക്ഷിച്ച് ജാഗരൂകരായിരിക്കണം. പീഢനങ്ങളിലും അവഹേളനങ്ങളിലും തളരാതിരിക്കുന്നതാണ് യജമാനന്റെ മുൻപിൽ അനേകകാര്യങ്ങൾ ഭരമേൽപ്പിക്കപ്പെടുവാനുള്ള യോഗ്യത. ഇത് നിത്യജീവനിലേക്ക് പ്രവേശിക്കാൻ ഭാഗ്യം നൽകുന്ന അനുഗ്രഹമായി മാറുന്നു (25:34-46).

ഡോ. മാത്യു കഴുതാടിയിൽ

പ്രസംഗം

ജാഗരൂകരാകാം

ഈ കാലയളവിൽ സമൂഹമാധ്യമങ്ങൾ വിശ്വവിഖ്യാതമായ പ്രവചനങ്ങൾ കൊണ്ട് നിറഞ്ഞിരിക്കുകയാണ്. ഇരുകരയായി വിഭജിക്കാൻ പോകുന്ന വൻകരയെക്കുറിച്ചും ലോകവസാനത്തെ സംബന്ധിപ്പിച്ചുള്ള വാർത്തകൾക്കുമാണ് ഇന്ന് ഏറ്റവുമധികം ആസ്വാദകർ. ആകാംക്ഷയുടെയും, അറിവിന്റെയും കൈപാങ്ങിൽ ഒതുങ്ങാതെ രഹസ്യമായി എന്നുമെന്നും പ്രപഞ്ചാവസാനം നിൽക്കുമെന്ന കാര്യത്തിൽ സംശയത്തിനുവകയില്ല. ആകയാൽ, വചനം എന്നുമെന്നും ജാഗ്രതയോടെ കർത്താവിന്റെ വരവിനും അന്ത്യവിധിക്കുമായി ഒരുങ്ങാൻ ആവശ്യപ്പെടാറുണ്ട്. ഇന്നത്തെ വചനവും അത്തരത്തിലുള്ള ഒരു ഓർമ്മക്കുറിപ്പാണ്.

"പ്രതീക്ഷിക്കാത്ത ദിവസത്തിലും അറിയാത്ത മണിക്കൂറിലും യജമാനൻ വന്ന്, അവ നെ ശിക്ഷിക്കുകയും കപടനാട്യക്കാരുടെ കൂട്ടത്തിൽ തള്ളുകയും ചെയ്യും" (മത്താ 24:51). ഒരുക്കത്തിൽ നമ്മൾ പുറകിലൊന്നുമല്ല. ആഘോഷങ്ങൾക്കും വിവാഹവിരുന്നുകൾക്കും എന്നുവേണ്ട ഒരു മരിച്ചടക്കിന് പോകുമ്പോൾ പോലും കാര്യമായി ഒരുങ്ങാത്തവർ കുറവാണ്. അനുദിന ജീവിതത്തിൽ ഒരുങ്ങു ന്നവർ, ഒരുക്കത്തിന് ജാഗ്രത പാലിക്കുന്നവർ കർത്താവിന്റെ ദിവസത്തിനായി ഒരുങ്ങുന്നുണ്ടോ? ചോദ്യത്തിന് ശക്തി അത്രപേരെങ്കിലും ഹൃദയത്തിൽ വ്യതിചലനം സൃഷ്ടിക്കേണ്ട, ആത്മാവിൽ പരിദേവനങ്ങൾക്ക് ജന്മം നൽകേണ്ട ഒരു ചോദ്യമാണിത്. കർത്താവിന്റെ സമയവും പൂർണ്ണതയും എണ്ണിയെടുക്കാൻ കഴിയില്ലെന്ന വസ്തുത നമ്മൾ പുൽക്കൂട്ടിൽ കണ്ടിട്ട് അധിക ദിനങ്ങൾ കഴിഞ്ഞിട്ടില്ല. അത് ശൂന്യമായ ജറുസലെം വീഥിയും ആളൊഴിഞ്ഞ പുൽക്കൂടും കാണിച്ചുതന്നിരുന്നു. എന്നിട്ടുമെന്തേ ദിവസങ്ങളും, മണി ക്കൂറുകളും, നിമിഷങ്ങളും വിശുദ്ധീകരിക്കാൻ നാം മടി കാണിക്കുന്നു? ആദ്യ ബലി പോലെ, അന്ത്യബലിപോലെയെന്തേ നമ്മുടെ ബലിയർപ്പണങ്ങൾ മാറു ന്നില്ല? വചനം പറയുന്നു, "നിങ്ങളുടെ കർത്താവ് ഏതു ദിവസം വരുമെന്ന് അറിയാത്തതു കൊണ്ട് നിങ്ങൾ ജാഗരൂകരായിരിക്കുവിൻ" (മത്താ 24:42).

വി.അഗസ്തീനോസ് തന്റെ മാനസാന്തരത്തിനുശേഷം അമ്മ മോനിക്കയുമായി സംസാരിക്കുകയാണ്. തദവസരത്തിൽ രണ്ടുപേർക്കും ഒരു സ്വർഗ്ഗീയ ദർശനമുണ്ടായി. അതിനുശേഷം ഇരുവരുടെയും സംസാരവിഷയം സ്വർഗം മാത്രമായിരുന്നു. ഒരാത്മീയ ഗ്രന്ഥത്തിൽ വായിച്ചതോർക്കുന്നു. 'സർക്കസ് കൂടാരത്തിലെ അഭ്യാസിയുടെ ജാഗ്രതയോടെവേണം ക്രൈസ്തവരുടെ ആത്മീയ ജീവിതം." കർത്താവ് എന്തുകൊണ്ടായിരിക്കണം അവസാനവിധിക്കായി എന്നും ജാഗ്രതയോടെ കാത്തിരിക്കാൻ ആവശ്യപ്പെടുക; അതു നമ്മോടുള്ള

സ്നേഹക്കൂടുതലുകൊണ്ടാണ്. വചനം ഓർമ്മിപ്പിക്കുന്നു; "ആ ദിവസത്തെക്കുറിച്ചോ മണിക്കൂറിനെക്കുറിച്ചോ പിതാവിനല്ലാതെ മറ്റാർക്കും, സ്വർഗ്ഗത്തിലെ ദൂതന്മാർക്കോ പുത്രനുപോലുമോ അറിഞ്ഞുകൂടാ" (മത്താ 24:36). പുത്രനുപോലും സംജാതമാകാത്ത ഒരു വലിയ രഹസ്യത്തിൽ രക്തത്താൽ വീണ്ടെടുക്കപ്പെട്ടവർ നിഷ്കാസിതരാകാതിരിക്കാൻ അവിടുന്ന് അന്ത്യദിനത്തെക്കുറിച്ച് വലിയ ഒരു പ്രഭാഷണ പരമ്പരതന്നെ നടത്തുന്നുണ്ട്. അതിൽ അടയാളങ്ങളും സാധ്യതകളുമുണ്ട്. പ്രതീക്ഷകളും പ്രത്യാശകളുമുണ്ട്. ഭയവും അസ്വസ്ഥതയുമുണ്ട്.

കർത്താവിനെ സ്മരിക്കാനായിട്ട് വാർദ്ധക്യംവരെ കാത്തിരിക്കേണ്ടയെന്ന് വചനം എപ്പോഴും ഓർമ്മിപ്പിക്കാറുണ്ട്. "യൗവനത്തിൽ തന്നെ കർത്താവിനെ സ്മരിക്കുക" (സഭാ 12:1). പലരും ആവർത്തിക്കുന്ന വാക്കാണ് 'കുറച്ചു കഴിയട്ടെ', 'സമയമായിട്ടില്ല' എന്നിങ്ങനെയൊക്കെ. എന്നാൽ കർത്താവിന്റെ വചനം നാം നിത്യം സ്മരിക്കണം. അതിനാൽ നിങ്ങളും തയ്യാറായിരിക്കണം. നിങ്ങൾ പ്രതീക്ഷിക്കാത്ത മണിക്കൂറിലായിരിക്കും മനുഷ്യപുത്രൻ വരുന്നത് (മത്താ 24:44). പ്രവചനങ്ങളും ദൈവികദർശനങ്ങളും ചിലപ്പോൾ വലിയ ഓർമ്മപ്പെടുത്തലുകളായിരിക്കും, വഴികാട്ടികളുമാകാം. അവസാനനേരം ഉണരാതിരുന്നാൽ അണഞ്ഞ വിളക്കുകൾ ഒരിക്കലും വഴികാട്ടികളാവുകയി ല്ലായെന്ന് പത്ത് കന്യകമാരുടെ ഉപമ നമ്മെ ഓർമ്മിപ്പിക്കുന്നു.

ഫാ. റോബിൻ കരിക്കാട്ട്